**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-31-10-2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ- വാഴൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ 'നെടുംകുന്നം റബ്ബർ ഉൽപാദക സംഘത്തിന് കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡി' എന്ന പ്രൊജക്റ്റിന്റെ ഭാഗമായി വാങ്ങിയ മിനി ട്രാക്ടറിന് Backhoe loader കൂടി വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.3014/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/11/2018

പരാമർശം:- 1 കോട്ടയം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി & ജില്ലാ കളക്ടർ സമർപ്പിച്ച 26.07.2018-ലെ 490/18/സിസി/ഡി.പി.സി/ഡിപിഒ/കെടിഎം നമ്പർ കത്ത്

2 31.10.2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.14-ാം നമ്പർ തീരുമാനം

**ഉത്തരവ്**

വാഴൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതും 2018-19 വർഷം സ്പിൽ ഓവർ ആയി തുടരുന്നതുമായ 'നെടുംകുന്നം റബ്ബർ ഉൽപാദക സംഘത്തിന് കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡി' എന്ന പ്രൊജക്റ്റിൽ Backhoe loader on VST Mistubishi Mini Tractor വാങ്ങുന്നതിന് തീരുമാനിച്ചെങ്കിലും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡി മാർഗ്ഗരേഖയിൽ അനുവാദമില്ലാത്തതിനാൽ മിനി ട്രാക്ടർ മാത്രമേ വാങ്ങിയിട്ടുള്ളൂ. Backhoe loader കൂടി ഉണ്ടെങ്കിൽ മാത്രമേ മിനി ട്രാക്ടർ ഫലവത്തായി ഉപയോഗിക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ Backhoe loader on VST Mistubishi Mini Tractor കൂടി വാങ്ങി പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നൽകണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ അപേക്ഷ പരാമർശം(1) പ്രകാരം ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി ശുപാർശ ചെയ്തിരുന്നു. പരാമർശം (2) പ്രകാരം 31.10.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി ഈ ആവശ്യം അംഗീകരിച്ചിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ വാഴൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതും 2018-19 വർഷം സ്പിൽ ഓവർ ആയി തുടരുന്നതുമായ 'നെടുംകുന്നം റബ്ബർ ഉൽപാദക സംഘത്തിന് കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് സബ്സിഡി' എന്ന പ്രൊജക്റ്റിന്റെ ഭാഗമായി വാങ്ങിയ മിനി ട്രാക്ടർ ഫലപ്രദമായി ഉപയോഗിക്കുന്നതിന് ബാക്ക് ലോഡർ (Backhoe loader) കൂടി വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോള് എബ്രഹാം**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

ജില്ലാ കളക്ടർ, കോട്ടയം

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം

പ്രസിഡണ്ട്/സെക്രട്ടറി, വാഴൂർ ബ്ലോക്ക് പഞ്ചായത്ത് ,കോട്ടയം.

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SHAJI T R
Date: 2018.1[illegible] 17:07:12
IST
Reason: Approved

സെക്ഷൻ ഓഫീസർ